# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4204** | **24.06.2019 ലെ മറുപടി**

### എറിയാട്, എടവിലങ്ങ് ഗ്രാമപഞ്ചായത്തുകളിലെ കടൽ ഭിത്തി നിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ഇ.ടി. ടൈസൺ മാസ്റ്റർ :** | **കെ.കൃഷ്ണൻകുട്ടി**<br>**(ജലവിഭവ വകുപ്പുമന്ത്രി)** |
| (എ) കയ്പമംഗലം നിയോജകമണ്ഡലത്തിലെ എറിയാട്, എടവിലങ്ങ് എന്നീ ഗ്രാമപഞ്ചായത്തുകളിൽ രൂക്ഷമായ കടലാക്രമണം തുടരുന്ന സാഹചര്യത്തിൽ അടിയന്തരമായി കടൽ ഭിത്തി നിർമ്മിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | (എ) കൈപ്പമംഗലം നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട എറിയാട്, എടവിലങ്ങ് എന്നീ പഞ്ചായത്തുകളിലെ കടൽത്തീരം സംരക്ഷിക്കുന്നതിനായി പോളിപ്രൊപ്പലീൻ ബാഗിൽ മണൽ നിറച്ചുള്ള 48 ലക്ഷം രൂപയുടെ 4 പ്രവൃത്തികൾക്കും താൽക്കാലിക കരിങ്കൽചിറ നിർമ്മിക്കുന്നതിനായി 33.50 ലക്ഷം രൂപയുടെ 3 പ്രവൃത്തികൾക്കും സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്. ഈ പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ നടന്നു വരുന്നു. കൂടാതെ ഈ വർഷത്തെ അടിയന്തിര കടലാക്രമണ പ്രതിരോധ പ്രവർത്തനങ്ങൾക്കായി തൃശ്ശൂർ ജില്ലയിൽ 3 കോടി രൂപ 15/06/2019 -ന് അനുവദിച്ചിട്ടുണ്ട്. |
| (ബി) കടൽ ഭിത്തി നിർമ്മാണത്തിനായുള്ള പാറ ക്ഷാമം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) കടൽഭിത്തി നിർമ്മാണത്തിനുള്ള പാറക്ഷാമം പരിഹരിക്കുന്നതിന് തൃശ്ശൂർ മാടക്കത്തറയിലുള്ള പവ്വർഗ്രിഡ് കോർപ്പറേഷന്റെ പദ്ധതി പ്രദേശത്ത് നിന്നും പാറ ലഭിക്കുന്നതിനുള്ള അനുമതി ജില്ലാ കളക്ടർ മുഖേന നൽകിയിട്ടുണ്ട്. കൂടാതെ മണൽ ലഭ്യമായിട്ടുള്ള കടൽതീരങ്ങളിൽ |

ബദൽമാർഗ്ഗമെന്ന നിലയിൽ ജിയോസി ന്തറ്റിക്ക് ട്യൂബ് ഉപയോഗിച്ചുള്ള തീരസംരക്ഷണ പ്രവൃത്തികൾ പരീക്ഷണാ ടിസ്ഥാനത്തിൽ നടത്തിവരുന്നു. കൂടാതെ ഹ്രസ്വകാലാടിസ്ഥാനത്തിൽ ജിയോബാഗു കളിൽ മണൽ നിറച്ചുള്ള താൽക്കാലിക സംരക്ഷണ പ്രവൃത്തികളും നടത്തിവരുന്നു.

(സി) ഈ പ്രദേശങ്ങളിൽ നിരന്തരമായുണ്ടാകുന്ന കടലേറ്റവും കടലാക്രമണവും പരിഗണിച്ച് അതിന് ശാശ്വത പരിഹാരം കാണുന്നതിനുള്ള ശാസ്ത്രീയ പഠനം നടത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) തീരപ്രദേശങ്ങളിലെ തീരദേശ വ്യതിയാനം 'Littoral Drift' (കരയ്ക്ക് സമാന്തരമായുള്ള മണലിന്റെ തെക്കോട്ടും വടക്കോട്ടുമുള്ള സഞ്ചാരം) പുലിമുട്ടുകളുടെ സാധ്യത എന്നിവയെക്കുറിച്ചുള്ള മാത്തമറ്റിക്കൽ മോഡൽ സ്റ്റഡി നടത്തുന്നതിനോടൊപ്പം റിമോട്ട് സെൻസിംഗ് സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി തീരശോഷണത്തെപ്പറ്റിയുള്ള ഒരു പഠനത്തിന് പൂനെയിലുള്ള കേന്ദ്ര ഏജൻസിയായ 'CWPRS' നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ഏജൻസി മാത്തമറ്റിക്കൽ മോഡൽ പഠനത്തിന്റെ കരട് റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. തീരശോഷണ ത്തെപ്പറ്റിയുള്ള പഠനം പുരോഗമിച്ചുവരുന്നു.

ഇതുകൂടാതെ തീരപ്രദേശങ്ങളിൽ ഉണ്ടാകുന്ന പ്രാദേശിക കടലാക്രമണത്തെ പ്രതിരോധിക്കുന്ന തിനുള്ള പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനു മുമ്പ് IIT ചെന്നൈ, CWPRS തുടങ്ങിയ സ്ഥാപനങ്ങളെ ചുമതലപ്പെടുത്തി പഠനങ്ങൾ നടത്താറുണ്ട്.

(ഡി) ഈ മേഖലയിലെ കടൽ ഭിത്തി നിർമ്മാണ കരാർ ഏറ്റെടുക്കുവാൻ കരാറുകാരെ കിട്ടാത്ത അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത് പരിഹരിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

(ഡി) കടൽഭിത്തി നിർമ്മാണത്തിനാവശ്യമായ കല്ലിന്റെ ലഭ്യതകുറവും കല്ലിന്റെ നിരക്കിലെ അന്തരം മൂലവും പ്രവൃത്തികൾ ഏറ്റെടുക്കുവാൻ കരാറുകാർ പൊതുവെ മുന്നോട്ടു വരുന്നില്ല. ഇതു പരിഹരിക്കുന്നതിനായി കടൽഭിത്തി നിർമ്മാണത്തിനുള്ള കരിങ്കല്ലിന്റെ വില

മാർക്കറ്റ് വിലയുടെ അടിസ്ഥാനത്തിൽ ഉയർത്തുന്നതിനുള്ള ഒരു പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

**സെക്ഷൻ ഓഫീസർ**